കൽപ്പണി, മരപ്പണി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, പ്ലംബിംഗ്, വൈദ്യുതീകരണം, കൂടാതെ മറ്റ് സ്വയം തൊഴിൽ സംരംഭങ്ങളായ പുനരുദ്ധാരണ നിർമ്മാണം എന്നിവയിൽ പരിശീലനങ്ങൾ നൽകിവരുന്നു. 2007 മുതൽ 2012 വരെയുള്ള കാലയളവിൽ പരിശീലനങ്ങൾക്കായി 460 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകി. കെസ്നിക് നടത്തുന്ന പരിശീലനങ്ങൾക്ക് പ്രതിദിനം നൽകുന്ന സ്റ്റൈപ്പന്റ് 35 രൂപയിൽ നിന്നും 125 രൂപയായി വർദ്ധിപ്പിക്കുകയും സൗജന്യ പഠനോപകരണങ്ങൾ നൽകിവരികയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3151 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) കൽപ്പണിയിലും മരപ്പണിയിലും പരിശീലനം നൽകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള സംസ്ഥാന നിർമ്മിതികേന്ദ്രം ജയിൽ വകുപ്പുമായി സഹകരിച്ച് വിവിധ ജയിലുകളിൽ കെട്ടിട നിർമ്മാണ മേഖലയിൽ കൽപ്പണി, മരപ്പണി, പുനരുദ്ധാരണ നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം നൽകുന്നുണ്ട്.

(എഫ്) ആകെ 12 പരിശീലനങ്ങളിലായി 299 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ജി) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

എം.എൽ.എ. ലക്ഷം വീടുകളുടെ നവീകരണം

27(*117) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) എം.എൻ. ലക്ഷം വീടുകളുടെ നവീകരണത്തിനായി ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) എത്ര വീടുകളാണ് പുനർനിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പുനർനിർമ്മാണ പദ്ധതി പ്രകാരമുള്ള സബ്സിഡിതുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ ബിനോയ് വിശ്വം) :

(എ) സംസ്ഥാനത്തെ ലക്ഷം വീടുകളുടെ നവീകരണത്തിനായി 26-11-2004-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 57/04/ഭവനം പ്രകാരം സർക്കാർ ഒരു പദ്ധതി ആവിഷ്കരിക്കുകയും 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം ഒരു വീടിന്റെ പുനർ നിർമ്മാണ ചെലവ് 40,000 രൂപയും സർക്കാർ സബ്സിഡി 20,000 രൂപയും ആയിരുന്നു. 27-3-2008-ലെ (എംഎസ്.) 3/2008/ഭവനം, 19-9-2008-ലെ (എംഎസ്.)15/08/ഭവനം നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വീടൊന്നിന് 1,00,000 രൂപ ചെലവ് കണക്കാക്കി പുനർനിർമ്മിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പൊതുവിഭാഗം കുടുംബങ്ങൾക്ക് 50,000 രൂപയും പട്ടികജാതി കുടുംബങ്ങൾ/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾ/ ആശ്രയ ഗുണഭോക്താക്കൾക്ക് 75,000 രൂപയും, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 1,00,000 രൂപയും പരമാവധി സബ്സിഡി നൽകുന്നതുമായ ഈ പദ്ധതിക്ക് സബ്സിഡിയുടെ 50% സംസ്ഥാന സർക്കാർ വിഹിതവും 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്. 15-12-2009-ലെ സ.ഉ. (എംഎസ്.)നമ്പർ 41/2009/ഭവനം പ്രകാരം ഈ പദ്ധതിയുടെ സബ്സിഡി താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

	സബ്സിഡി തുക (രൂപ)	സംസ്ഥാന വിഹിതം (രൂപ)	തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം (രൂപ)
പൊതുവിഭാഗം	75000	37500	37500
പട്ടികജാതി/ശാരീരിക/ മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതു വിഭാഗം കുടുംബം/ആശ്രയ കുടുംബം	100000	50000	50000
പട്ടികവർഗ്ഗം	125000	62500	62500

1-4-2009 മുതൽ കരാറിലേർപ്പെട്ട് വീടുകളുടെ നിർമ്മാണം നടത്തുന്നവർ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡിക്ക് അർഹരാണ്. 22-1-2011-ലെ (എംഎസ്.) 5/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് അനുവദിക്കുന്ന മുഴുവൻ സബ്സിഡി തുകയും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഭവന നിർമ്മാണ ബോർഡുവഴി നൽകാൻ ഉത്തരവായിട്ടുണ്ട്.

(ബി) 24625 വീടുകൾ

(സി) ഉണ്ട്. 1-4-2009-നുശേഷം കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചവർക്ക് സബ്സിഡി 25,000 രൂപ (എല്ലാ വിഭാഗത്തിനും) വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി വിവിധ തലങ്ങളിൽ അവലോകനം ചെയ്തിട്ടുണ്ട്. കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. ബോർഡിന്റെ എല്ലാ ജില്ലകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെടുന്നുണ്ട്. ഇതിനുപുറമേ സർക്കാർ തലത്തിലും അവലോകനം നടത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ

28(*118) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) മൂന്നാർ ടൗൺഷിപ്പിൽ ടാറ്റയുടെ നിയന്ത്രണം പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) കയ്യേറ്റഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ ഇനിയും പൊളിക്കേണ്ടതായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) മൂന്നാറിലെ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ 2003-ൽ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതി 2006 സെപ്തംബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി പ്രത്യേക സംഘത്തെ നിയമിച്ചു. മൂന്നാറിലെയും വാഗമണ്ണിലെയും വ്യാജ പട്ടയ വിഷയം പരിശോധിക്കാൻ അഡീഷണൽ ലാന്റ് റവന്യൂ കമ്മീഷണറെ നിയോഗിച്ചു. മൂന്നാറിലെ കയ്യേറ്റങ്ങൾ മാത്രം പഠിച്ചു റിപ്പോർട്ട് നൽകാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ദൗത്യ സംഘത്തിന്റെ പ്രവർത്തന ഫലമായി 390 കയ്യേറ്റങ്ങൾ കണ്ടുപിടിച്ചു. 4677.8803 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വീണ്ടെടുത്തിട്ടുണ്ട്. 24 റിസോർട്ടുകളും മറ്റ് അനധികൃത നിർമ്മാണങ്ങളും പൊളിച്ചു നീക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ട്. 21 എൽ. സി. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിസോർട്ടുകൾ അടക്കം 119 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ കൈക്കൊണ്ടു. കുറ്റക്കാരായ 45 ഉദ്യോഗസ്ഥർക്കെതിരെയും 35 സ്വകാര്യ വ്യക്തികൾക്കെതിരെയും വിജിലൻസ് കേസുകൾ എടുത്തു. 39 ക്രിമിനൽ കേസുകളിലായി 215 പേർക്കെതിരെ കേസ്സെടുത്തു. അതിൽ 88 പേരെ അറസ്റ്റ് ചെയ്തു. 78 റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly